# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**ജില്ല:തിരുവനന്തപുരം**

**ബ്ലോക്ക് :വാമനപുരം**

**പഞ്ചായത്ത് :നെല്ലനാട്**

**വാർഡ് : പരമേശ്വരം**

**സോഷ്യൽ ഓഡിറ്റ് പീരീഡ് :1/10/2018-31/3/2019**

**റിപ്പോർട്ട് തയ്യാറാക്കിയത്**

**അഞ്ചിമ. എൻ.എസ്**

**റിസോഴ്സ് പേഴ്സൺ വാമനപുരം ബ്ലോക്ക്**

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം**

**സോഷ്യല്   ഓഡിറ്റ് സൊസൈറ്റി കേരള _(MGNSASk)**

ജില്ല : തിരുവനന്തപുരം

ബ്ലോക്ക് : വാമനപുരം

പഞ്ചായത്ത് :നെല്ലനാട്

വാർഡ് : 16, പരമേശ്വരം

## സോഷ്യൽ ഓഡിറ്റ് ആമുഖം

ഇന്ത്യയിൽ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യാനുള്ള അവകാശത്തെ സംരക്ഷിച്ച് നിലനിർത്തുവാനായി 2005 സെപ്തംബർ 5-ാം തിയതി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിലവിൽ വന്നു. അവിദഗ്ദ കായിക തൊഴിലിൽ ഏർപ്പെടുവാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായി ആയിട്ടുള്ളതും ഉത്പാദനക്ഷമവുമായ ആസ്ഥികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.ദരിദ്രരുടെ ഉപജീവനവുമായി ബന്ധപ്പെട്ടവിഭവ അടിത്തറ ശക്തിപ്പെടുത്തുകയും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ

ഉൾപ്പെടുത്തുകയും പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്നതും ഇതിന്റെ ലക്ഷ്യമാണ്.

സവിശേഷതകൾ

1. നിയമത്തിന്റെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി

2. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാവാം

3. സ്ത്രീയ്ക്കും പുരുഷനും തുല്യവേതനം

4 .പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന

5. തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുകയും ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു.

6. ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത

7.കരാറുകാരോ ഇടനിലക്കാരോ ഇല്ല

8.പൊതു ജനപങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്

9. ബാങ്ക് വഴിമാത്രം വേതന വിതരണം

10. സ്ത്രീകൾക്ക് മുൻഗണന

11. കംപ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം

12. ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു. പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കണമെന്ന 17 (2) വകുപ്പ് നിഷ്കർഷിക്കുന്നു.പൊതു ധനം ചിലവഴിക്കുന്നതിനെ പറ്റിയും പദ്ധതി പ്രവർത്തനത്തെ പറ്റിയും പൗരസമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹിക പരിശോധന. തൊഴിലുറപ്പ് നിയമ പ്രകാരം വർഷത്തിൽ 2 തവണ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ എല്ലാ വാർഡിലും കൃത്യമായി നടത്തേണ്ടതാണ്. സോഷ്യൽ ഓഡിറ്റിലൂടെ അഴിമതി ഇല്ലാതാക്കുന്നതിനും സുതാര്യത ഉറപ്പു വരുത്തുന്നതിനും കാര്യക്ഷമത വർധിപ്പിക്കുന്നതിനും സത് ഭരണം ഉറപ്പാക്കുന്നതിനും കഴിയുന്നു .പദ്ധതി പണം ശരിയായ രീതിയിൽ ചിലവഴിച്ചിട്ടുണ്ട് എന്നും പണം ചെലവഴിച്ചതുകൊണ്ട് പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ട് എന്നും ഗുണഭോക്താക്കളുടെ ജീവിതത്തിൽ ഗുണപരമായ മാറ്റം ഉണ്ടായിട്ടുണ്ട് എന്നും സോഷ്യൽ ഓഡിറ്റിലൂടെ കണ്ടെത്താൻ കഴിയുന്നു

## 10 അവകാശ ങ്ങൾ

മഹാത്മഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലൂടെ ഗ്രാമീണ ജനതയ്ക്ക് തൊഴില് നല്കപെടുന്നതോടൊപ്പം അവരുടെ പത്തു അവകാശങ്ങളും സംരക്ഷിക്കപെടുന്നു.സോഷ്യല് ഓഡിറ്റിലൂടെ പ്രവൃത്തികളുടെ പരിശോധനയും അതോടൊപ്പം തൊഴിലാളികളുടെ പത്തവകാശങ്ങളും സംരക്ഷിക്കപെടുന്നുവെന്നും വിലയിരുത്തുന്നു. തൊഴിലുറപ്പ് നിയമത്തിലൂടെ തൊഴിലാളികള്  ക്ക് ലഭ്യമായ അവകാശങ്ങളെ കുറിച്ച് താഴെ പറയുന്നു.

1.തൊഴിൽ കാർഡുമായി ബന്ധപ്പെട്ടവ:

തൊഴിൽകാർഡ്

ഒരുആധികാരികരേഖയാണ് .മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ ഷെഡ്യൂള് 2 പ്രകാരം തൊഴിൽ കാർഡിന് അപേക്ഷ നൽകുന്ന കുടുംബങ്ങൾക്ക് 15 ദിവസത്തിനകം തികച്ചും സൗജന്യമായി thozhilcലഭ്യമാക്കണമെന്ന് അനുശാസിക്കുന്നു. കൂടാതെ കൃത്യമായ ഇടവേളകളില് കാർഡ് പുതുക്കി നല്  കേണ്ടതുമാണ്.തൊഴിൽകാർഡ്തൊഴിലാളികളുടെ കൈവശം തന്നെയാണ് സൂക്ഷിക്കേണ്ടത് തൊഴിൽ ഏർപ്പെട്ട ദിവസങ്ങൾ കൃത്യമായി രേഖ പെടുത്തിയിരിക്കുന്നു എന്നാൽ തൊഴിൽകാർഡിൽ

അടിസ്ഥാന പരമായി പൂരിപ്പിക്കേണ്ട എല്ലാ ഭാഗങ്ങളും ഒഴിഞ്ഞു കിടക്കുന്നു.തൊഴിലാളി തൊഴില്‍ ആവശ്യ പെട്ട തീയതി,ആവശ്യ പെട്ട കാലയളവ് ജോലി ലഭ്യമായ കാലയളവ് ലഭ്യമായ കൂലി എന്നീ ഭാഗങ്ങള്‍ ഒന്നും തന്നെ പൂരിപിച്ചിട്ടില്ല.ആയതിനാല്‍ കഴിഞ്ഞ സാമ്പത്തീക വര്‍ഷം ഇതു തൊഴിലില്‍ ഭാഗമായിരുന്നു എന്ന് തൊഴില്‍ കാര്‍ ഡില്‍ നിന്നും മനസിലാക്കാന്‍ സാധിച്ചിരുന്നില്ല

തൊഴില്‍ ലഭിക്കുന്നത് സംബന്ധിച്ച്:

തൊഴില്‍ കാര്‍ ഡുള്ള ഏതൊരു കുടുംബത്തിനും 100 ദിവസത്തെ അവിദഗ്ദ കായിക തൊഴിലിന് അവകാശമുണ്ട്. അപേക്ഷ നല്‍ കിയാല്‍ കൈപ്പറ്റു രശീത് നല്‍ കുകയും15 ദിവസത്തിനകം തൊഴില്‍ ലഭ്യമാക്കണമെന്നും നിയമത്തില്‍ പ്രതിപാദിക്കുന്നു..അപേക്ഷ സ്വീകരിക്കുന്ന മുറയ്ക്ക് അപേക്ഷകന് കൈപ്പറ്റു രശീത് നിര്‍ ബന്ധമായും നല്‍ കണമെന്ന് നിയമത്തില്‍ അനുശാസിക്കുന്നുണ്ട് . ഫയലില്‍ തൊഴില്‍ അപേക്ഷകളോ രശീതിന്റെ കൌണ്ടര്‍ സ്ലിപ് കാണാന്‍ സാധിച്ചിട്ടില്ല.

തൊഴിലുറപ്പ് നിയമപ്രകാരം തൊഴില്‍

ആവശ്യപ്പെട്ടു കഴിഞ്ഞാല് 15 ദിവസത്തിനകം തൊഴില് ലഭ്യമാക്കണമെന്നുണ്ട്. വാർഡിലെ തൊഴിലാളികള് ക്ക് തൊഴില് ആവശ്യമുള്ള സമയങ്ങളില് അപേക്ഷ സമര് പ്പിക്കുന്ന മുറയ്ക്ക് 15 ദിവസത്തിനകം തൊഴില് അനുവദിക്കേണ്ടതുണ്ട്. വാര് ഡിലെതൊഴിലാളികള് തീയ്യതി രേഖപ്പെടുത്തി രേഖാമൂലം അപേക്ഷ സമര് പ്പിക്കാറില്ല അതുകൊണ്ടുതന്നെ കൃത്യമായി തൊഴില് ലഭിച്ചിട്ടുണ്ടോ എന്ന് രേഖകളില് നിന്നും വ്യക്തമല്ല.

3.തൊഴിലില്ലായ്മവേതനം:

തൊഴില് ആവശ്യപ്പെട്ടു കഴിഞ്ഞാല് 15 ദിവസത്തിനകം തൊഴില് ലഭ്യമാക്കാത്തപക്ഷം തൊഴിലില്ലായ്മ വേതനം ലഭിക്കാന് അവകാശമുണ്ട്.വാര് ഡിലെതൊഴിലാളികള് തീയ്യതി രേഖപ്പെടുത്തി രേഖാമൂലം അപേക്ഷ സമര് പ്പിക്കാറില്ല ,അതുകൊണ്ട് തന്നെ തൊഴിലില്ലായ്മ വേതനം ലഭിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല

4.ഷെല് ഫ് ഓഫ് പ്രോജക്റ്റ് സംബന്ധിച്ച്:

വാര് ഡില് ആവശ്യമായ വികസന പ്രവൃത്തികള് കണ്ടെത്തുന്നതിന് തൊഴിലാളികള് ക്ക് അവകാശം ഉണ്ട്. തൊഴില് കണ്ടെത്തുന്നതിനു

തൊഴിലാളികളുടെയും മേറ്റിന് റെയും ഭാഗത്ത് നിന്നും പങ്കാളിത്തമുണ്ടാവുന്നുണ്ട്, എന്നാല് തൊഴിലുറപ്പില് അനുവദനീയമായ ആസ്തി വികസന പ്രവൃത്തികള് കണ്ടെത്തുന്നതിന് വാര് ഡിലെ വിവിധ മേഖലയില് ഉള്ളവരുടെ പങ്കാളിത്തം ഉണ്ടാവേണ്ടതുണ്ട്.പഞ്ചായത്തില് വാര് ഡ് തലത്തില് ഗ്രാമസഭ രജിസ്ററെര് സൂക്ഷിക്കുന്നതായി കണ്ടില്ല .വാര് ഡിലെ പൊതു ഗ്രാമസഭയില് ആണ് തൊഴിലുറപ്പ് സംബന്ധമായ യോഗം ചേര് ന്നതായി കാണുന്നത്

5.യാത്രാ ചെലവ് സംബന്ധിച്ച്:

തൊഴിലാളികള് ക്ക് താമസ സ്ഥലത്തുനിന്നും 5 കിലോമീറ്റര് ചുറ്റളവില് തൊഴില് ലഭിക്കുവാനുള്ള അവകാശമുണ്ട്, പ്രസ്തുത പരിധിക്കു പുറത്തു തൊഴില് ചെയ്യേണ്ട സാഹചര്യം ഉണ്ടാവുകയാണെങ്കില് യാത്രാ ബത്തയായി കൂലിയുടെ 10% തുക നിലവിലെ കൂലി പ്രകാരം 27 രൂപ 10 പൈസ പ്രവൃത്തി ദിവസങ്ങളില് ലഭ്യമാക്കണം.

അഞ്ച്കിലോമീറ്റര്‍ പരിധിക്കപ്പുറം തൊഴിലുറപ്പ് പ്രവൃത്തി ചെയ്തില്ല എന്നാണു തൊഴിലാളികളില്‍ നിന്നും മനസിലാക്കാന്‍ കഴിഞ്ഞത്.

6.പ്രവൃത്തി സ്ഥലത്തെ സൌകര്യങ്ങള്‍ സംബന്ധിച്ച്;

തൊഴിലിടങ്ങളില്‍ ലഭിക്കേണ്ട അടിസ്ഥാന സൌകര്യങ്ങളായ പ്രഥമ ശുശ്രൂഷാ സംവിധാനങ്ങള്‍ , വിശ്രമ സമയത്തെ തണല്‍ സൗകര്യം, കുടിവെള്ളം എന്നിവ തൊഴിലാളികള്‍ ക്ക് സൌജന്യമായി ലഭ്യമാക്കേണ്ടതുണ്ട്. . തൊഴിലാളികളുമായുള്ള കൂടിക്കാഴ്ച യില്‍ മനസിലാക്കാന്‍ സാധിച്ചത് കുടിവെള്ളത്തിനായി പാത്രം,ഗ്ലാസ് എന്നിവ ലഭ്യമായിരുന്നു എന്നും അതോടൊപ്പം പ്രഥമ ശുശ്രൂഷ മരുന്നുകള്‍ വാങ്ങിചു ഓഫീസില്‍ നല്‍ കുന്ന എന്നറിയാന്‍ സാധിച്ചു,എന്നാല്‍ ഇതുവരെ തൊഴിലാളികള്‍ ക്ക് ,കയ്യുറ കാലുറ ലഭിച്ചിട്ടില്ല .ഇത് നിര്‍ വഹണ ഏജന്‍ സിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്, തുടര്‍ ന്നുള്ള പ്രവൃത്തികളില്‍ അടിസ്ഥാന സൌകര്യങ്ങള്‍ ലഭ്യമാക്കുന്നതിന് നിര്‍ വഹണ ഏജന്‍ സി ശ്രദ്ധിക്കേണ്ടതുണ്ട്.

അപകടങ്ങള്‍ സംബന്ധിച്ച്:

തൊഴിലുറപ്പ് ജോലിക്കിടെ തൊഴിലാളികള് ക്ക് ഏതെങ്കിലും തരത്തിലുള്ള അപകടം സംഭവിച്ചു പോവുകയാണെങ്കില് നിയമത്തിലെ ഷെഡ്യൂള് 2(5)പ്രകാരവുംഅദ്ധ്യായം 9 ലെ പരാമര് ശങ്ങളുടെ അടിസ്ഥാനത്തിലും ചികില് സാ ചെലവുകളുടെ രേഖകള് സമര് പ്പിക്കുന്ന മുറയ്ക്ക് പ്രസ്തുത തുക മുഴുവനും അനുവദിച്ചു കൊടുക്കേണ്ടതാണ്.ഓഡിറ്റ് കാലയളവില് അത്തരത്തില് ഉള്ള അപകടങ്ങള് ഒന്നും സംഭവിച്ചിട്ടില്ല .എന്നാല് നാരായണി(007/23) എന്ന തൊഴിലാളി നാലു മാസം മുന് പ് പ്രവൃത്തി സ്ഥലത്ത് നിന്നും വീണു കൈക്ക് പറ്റിയിരുന്നെന്കിലും ചികിത്സ സഹായം ലഭിച്ചില്ല എന്നാണ് അറിയാന് സാധിച്ചത്

7.വേതനം ലഭ്യമാക്കുന്നത് സംബന്ധിച്ച്;

തൊഴിലുറപ്പ് നിയമത്തില് സെക്ഷന് 3(2)പ്രകാരം മസ്റ്റര് റോള് കാലാവധി കഴിഞ്ഞു 15ദിവസത്തിനകം തൊഴിലാളികളുടെ അക്കൌണ്ടില് കൂലി ലഭിക്കുവാന് അവകാശമുണ്ട്.
പഞ്ചായത്തില് നിന്നും പതിനഞ്ച് ദിവസത്തിനുള്ളില് എഫ്.ടി.ഒ ജനറേറ്റ് ചെയ്തിട്ടുണ്ട്.

15 ദിവസത്തിനകം വേതനം ലഭ്യമായിലെങ്കില്‍ നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം

തൊഴില്‍ പൂര്‍ത്തീകരിച്ചു പതിനഞ്ചു ദിവസത്തുള്ളില്‍ കൂലി ലഭിചിരുന്നിലെന്കില്‍ കൂലിയുടെ 0.05 ശതമാനം നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം ഉണ്ട്. പഞ്ചായത്തില്‍ നിന്നും പതിനഞ്ച് ദിവസത്തിനുള്ളില്‍ എഫ്.ടി.ഒ ജനറേറ്റ് ചെയ്തിട്ടുണ്ട്.നിലവില്‍ കേന്ദ്ര സര്‍കാരില്‍ നിന്നും ഫണ്ട് ലഭ്യമാകതിരിക്കുന്ന സാഹചര്യത്തില്‍ മാത്രമാണ് വേതനം ലഭിക്കാന്‍ വൈകുന്നത്.

9.പരാതി പരിഹാരം സംബന്ധിച്ച്:

തൊഴിലുറപ്പുമായി ബന്ധപ്പെട്ട ഏതെങ്കിലുംകാര്യത്തില്‍ പരാതിയുണ്ടാകുന്ന പക്ഷം ആയത് രേഖാമൂലം പഞ്ചായത്തില്‍ പരാതിപ്പെടാവുന്നതാണ്, പ്രസ്തുത പരാതികള്‍ സ്വീകരിച്ചു രസീറ്റ് നല്‍കുകയും പരമാവധി 7 ദിവസ പരിധിക്കുള്ളില്‍ അന്വേഷിച്ചു പരാതിക്കാരന് മറുപടി നല്‍കേണ്ടതാണ്(section (19). പരാതികള്‍ അറിയിക്കുന്നതിനുള്ള ടോള്‍ ഫ്രീ നമ്പര്‍

**(18004251004 ) പൊതുജനങ്ങള് ക്ക് കാണാവുന്ന രീതിയില് പഞ്ചായത്ത് ഓഫീസില് പ്രദര് ശിപ്പിക്കേണ്ടതുണ്ട് . പഞ്ചായത്തിലെ പരാതി രജിസ്റ്റർ പരിശോധിച്ചപ്പോള് ഇതുവരെയായി രണ്ടു പരാതികള് രജിസ്റ്ററില് രേഖപ്പെടുത്തിയതായും അതിനുള്ള നടപടി സ്വീകരിച്ചതായും കാണപെട്ടു.കൂലി വൈകിയ പരാതി ആണ് ,**

**10.സോഷ്യല് ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച്:**

**തൊഴിലുറപ്പില് ഏറ്റെടുത്ത പ്രവൃത്തികള് സോഷ്യല് ഓഡിറ്റ് നടത്തുന്നതില് പങ്കാളികളാവുന്നതിനു തൊഴിലാളികള് ക്ക് അവകാശമുണ്ട്.**

**2018-2019** സാമ്പത്തിക വർഷത്തിൽ നെല്ലനാട് പഞ്ചായത്തിൽ പരമേശ്വരം വാർഡിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ **3** പ്രവർത്തികൾ ആണ് സോഷ്യൽ ഓഡിറ്റിന് വിധേയം ആക്കിയിട്ടുള്ളത്.

ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികളുടെ ലിസ്റ്റ്

**1) LD/**338630 പരമേശ്വരം വാർഡിൽ ചിറ പ്രദേശത്തു മണ്ണ് ജല സംരക്ഷണം

2)LD/പരമേശ്വരം വാർഡിലെ പാൽസൊസൈറ്റി പ്രദേശത്തു മണ്ണ് ജല സംരക്ഷണം

3)LD/പരമേശ്വരം വാർഡിലെ ഇടവം പറമ്പ് കോളനി പ്രദേശത്തു മണ്ണ് ജല സംരക്ഷണം

<u>ഫയൽ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ</u>

**AMC** പ്രകാരം ഒരു പ്രവർത്തി ഫയൽ പരിശോധിക്കുമ്പോൾ താഴെ പറയുന്ന **22** രേഖകൾ നിർബന്ധ മായും ഉണ്ടായിരിക്കേണ്ടതാണ്.

<u>കവർപേജ്</u>

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം കവർപേജിൽ പഞ്ചായത്ത് വിവരങ്ങൾ, ജില്ല പ്രവർത്തി നടപ്പിലാക്കിയ വിവരങ്ങൾ, അടങ്കൽ തുക, ആകെ ചെലവ്, നടത്തിയ തിയതി, മുതലായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. പരിശോധിച്ച **3**

ഫയലുകളിലും കവർ പേജ് കാണാൻ സാധിച്ചു .

<u>ചെക്ക് ലിസ്റ്റ്</u>

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും അവയുടെ പേജ് നമ്പറും രേഖ പെടുത്തുന്ന ചെക്ക് ലിസ്റ്റ് ഫയലിൽ സൂക്ഷിച്ചു  വെക്കാൻ ഉള്ളത് ആണ്. പരിശോധിച്ച 3 ഫയലു കളിലും ചെക്ക് ലിസ്റ്റ് ഉണ്ടയെരുന്നെങ്കിലും പേജ് നമ്പർ രേഖപ്പെടുത്തയിട്ടില്ലായിരുന്നു .

<u>ആക്ഷൻ പ്ലാൻ</u>

ഒരു ജനകീയ ഇടപെടലിന്റെ നേർ സാക്ഷ്യം തെളിയിക്കുന്ന രേഖ ആണ് ആക്ഷൻ പ്ലാൻ കോപ്പി. ഗ്രാമസഭ നിർദ്ദേ ശിക്കുന്ന പ്രവർത്തികൾ ഷെൽഫ് ഓഫ് പ്രൊജക്ടി  ലേക്ക് മാറ്റുക യും ഇതിൽ നിന്നും മുൻഗണന അടിസ്ഥാനത്തിൽ അതാത് സാമ്പത്തിക വർഷത്തിൽ ആവശ്യമുള്ള പ്രവർത്തികൾ തിരഞ്ഞെടുത്തു ആക്ഷൻ പ്ലാൻ തയാറാക്കി നടത്തുക. പരിശോധിച്ച 3 ഫയലിലും    ആക്ഷൻ പ്ലാൻ കോപ്പി ഇല്ലായിരുന്നു.

## ഭരണാനുമതി

ഒരു വാർഡിൽ ഒരു വർഷം നടപ്പിലാക്കിയ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ ക്ക് പഞ്ചായത്ത് ഭരണ സമിതി നൽകുന്ന  അനുമതി ആണ് ഭരണാനുമതി. പരിശോധിച്ച 3ഫയ ലു കളിലും ഭരണാനുമതി ഉണ്ടായിരുന്നു. അതിൽ പഞ്ചായത്ത് സെക്രട്ടറി ഒപ്പും സീലും രേഖപെടുത്തി യിട്ടില്ല.

## സാങ്കേതിക അനുമതി

സാങ്കേതിക അനുമതി ഉണ്ടായിരുന്നു .എന്നാൽ സാക്ഷ്യ പെടുത്താൻ ഉള്ള ഓഫീസറിന്റെ  ഒപ്പ്, സീൽ എന്നിവ ഉണ്ടാകേണ്ടതാണ്. പക്ഷെ കാണാൻ സാധിച്ചില്ല.

## വിശദമായ എസ്റ്റിമേറ്റ്

സാങ്കേതിക എസ്റ്റിമേറ്റ് പദ്ധതി യിൽ ഏറ്റെടുത്ത ഓരോ പ്രവർത്തി ക്കും സംസ്ഥാന സർക്കാർ ചുമതല പെടുത്തിയ അധികാര സ്ഥാന ത്തിന്റെ അനുമതി യോട് കൂടിയ സാങ്കേതിക

എസ്റ്റിമേറ്റ് ഉണ്ടായിരിക്കേണ്ടത് ആണ്.

പരിശോധിച്ച 3 ഫയലുകളിലും വിശദമായ എസ്റ്റിമേറ്റ് ഉണ്ടായിരുന്നു

ഡ്രായിങ്  ആൻഡ് ഡിസൈൻ

3ഫലുകളിലും കാണാൻ സാധിച്ചില്ല.

ഡിമാൻഡ് ഫോം

പരിശോധിച്ച 3 ഫയലുകളിലും ഡിമാൻഡ് ഫോം ഉണ്ടായിരുന്നു .

വർക്ക് അലോക്കേഷൻ ഫോം

തൊഴിൽ ആവശ്യപെട്ടവർക് തൊഴിൽ അനുവദിച്ചു കൊണ്ടുള്ള വർക്ക് അലോക്കേഷൻ പരിശോധിച്ച 3 ഫയലിലും ഇല്ലായിരുന്നു.

ഇ മാസ്റ്ററോൾ

തൊഴിലാളി കൾ തൊഴിൽ ചെയുന്ന തീയതി, ദിവസം ഉൾപ്പെടെ ഹാജർ രേഖ പെടുത്തുന്ന ത്തിനുള്ള അടിസ്ഥാന രേഖ ആണ് ഇ മാസ്ട്രോള്. ഇതിൽ ബ്ലോക്ക് ഡെവലപ്പ് മെന്റ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി, എന്നിവർ  ഒപ്പും, സീലും രേഖ

പെടുത്താൻ ഉള്ളത് ആണ്.

പരിശോധിച്ച 3 ഫയലുകളിലും ഉണ്ടായിരുന്നു.

## <u>മെഷർ മെന്റ് ബുക്ക്</u>

പ്രവർത്തി തുടങ്ങിയ തിന് മുൻപും ശേഷവും അളവ് കൾ രേഖ പെടുത്തു ന്നതിനുള്ള അടിസ്ഥാന രേഖ ആണ് M.ബുക്ക്

പരിശോധിച്ച 3 ഫയലുകളിലും m.ബുക്ക് കാണാൻ കഴിഞ്ഞു .

## <u>മാസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്</u>

3 ഫയലിലും കാണാൻ സാധിച്ചില്ല

## <u>വേജ് ലിസ്റ്റ്</u>

തൊഴിലാളികൾ എത്ര ദിവസം ജോലി ചെയ്തു എന്നതിന് അടിസ്ഥാന പെടുത്തി ആ അവർക്ക് നൽകേണ്ട തുക അതായത് കൂലി, ആയുധ വാടക, മൂർച്ച കൂട്ടുന്നതി നുള്ള തുക എന്നിവ എല്ലാം കാണിച്ചു കൊണ്ട് പണം കൈമാറു ന്നതിനു വേണ്ടി തയാറാ ക്കുന്ന പ്രധാന പെട്ട ഒന്നാണ് വേജ് ലിസ്റ്റ്. മാസ്ട്രോള് പ്രകാരമുള്ള വേജ് ലിസ്റ 3 ഫയ

ലുകളിലും കാണാൻ സാധിച്ചു.

## ഫണ്ട് ട്രാൻസ്ഫർ ഓർഡർ

പരിശോധിച്ച ഫയലു കളിൽ ഒന്നും തന്നെ ഫണ്ട് ട്രാൻസ്ഫർ ഓർഡർ ഇല്ലായിരുന്നു.

## റോയൽ ടി പേയ്മെന്റ്

3 ഫയലിലും കാണാൻ സാധിച്ചില്ല

## 3ഘട്ട ഫോട്ടോഗ്രാഫ്

3 ഫയലുകളിലും കാണാൻ കഴിഞ്ഞില്ല

## ജിയോടാഗ് ഫോട്ടോകൾ

പ്രവർത്തി സ്ഥലം തിരിച്ചറിയുന്ന തിനുള്ള ഉപാ ധി യാണ് ജിയോ ടാഗ് ഫോട്ടോസ്. എന്നാൽ ഇവ പരിശോധനക്കു വിധേയമാക്കിയ ഒരു ഫയ ലി ലും കാണാൻ സാധിച്ചില്ല.

## പ്രവർത്തി പൂർത്തികരണ സാക്ഷ്യപത്രം

3 ഫയലിലും കാണാൻ സാധിച്ചില്ല .

## സൈറ്റ് ഡയറി

സംസ്ഥാന സർക്കാരിന്റെ നിർദ്ദേശപ്രകാരം വർക്ക് ഫയ ലിൽസൂക്ഷിക്കേണ്ട **22** മത്തെ രേഖയാണ് സൈറ്റ് ഡയറി. പരിശോധനക്ക് വിധേയമാക്കിയ **3** ഫയൽ

ലുകളിൽ **Id/330198** പാൽസൊസൈറ്റി പ്രദേശത്തു മണ്ണ് ജല സംരക്ഷണം എന്ന ഫയൽ ഇൽ മാത്രമേ സൈറ്റ് ഡയറി കാണാൻ സാധിച്ചുള്ളൂ

## ഫീൽഡ് പരിശോധന

ഫീൽഡ് പരിശോധയിൽ പരമേശ്വരം വാർഡിൽ ആകെ കാണാൻ കഴിഞ്ഞത് 14 മഴക്കുഴി,13 കമ്പോസ്റ്റ് കുഴികളും മാത്രമാണ് .അതിനു പകരമായി 250 ൽ അധികം വഴക്കുഴികളും തെങ്ങിൻ കുഴികളും 284 m മൺകയ്യാല യും ആണ് കാണാൻ സാധിച്ചത് .ബാക്കി മഴയത്തു ഇടിഞ്ഞു പോയതായും അറിയാൻ കഴിഞ്ഞു .. 350 മീറ്റർ ജൈവവേലി ഫീൽഡിൽ ഒരു സ്ഥലത്ത് പോലുംകാണാൻ കഴിഞ്ഞില്ല. അങ്ങനെ ഒരു പ്രവർത്തിയെ കുറിച്ച് വലിയ ധാരണ ഇല്ലാത്തതാണ് കാരണം. ശക്തമായ മഴ കാരണം പല പ്രവർത്തികളും നശിച്ച അവസ്ഥയിൽ ആണ് കാണാൻ കഴിഞ്ഞതു. എം ബുക്ക് പ്രകാരം Id/ 33 86 30 യിൽ 56 മഴക്കുഴി, 6 കമ്പോസ്റ്റ് കുഴി, 125 മീറ്റർ കല്ലുകയ്യാല, 163 മീറ്റർ, 235 മീറ്റർ മൺ കയ്യാല, 160 മീറ്റർ മണ്ണ് ബണ്ട്, എന്നിങ്ങനെയായിരുന്നു ഇവ ഭാഗികമായി നശിച്ചു എന്നു മനസ്സിലാക്കാൻ കഴിഞ്ഞു. എന്നാൽ ചില സ്ഥലങ്ങളിൽ നശിച്ചു പോകാതെ സംരക്ഷിക്കുന്നതും ശ്രദ്ധിക്കപ്പെട്ടു. എന്നാൽ, ഉടമകളുടെ താൽപര്യപ്രകാരമാണ് പ്രവർത്തികളും നടന്നിരിക്കുന്നത്. LD/33 0 98 പ്രകാരം 53 മഴക്കുഴി, 16 കമ്പോസ്റ്റ് കുഴി, 135 മീറ്റർ കല്ല് കയ്യാല 300 മീറ്റർ ജൈവവേലി, 280 മീറ്റർ, 280 മീറ്റർ മൺ കയ്യാല, 1650 മീറ്റർ, 2300 മീറ്റർ 195 മീറ്റർ , തട്ട് തിരിക്കൽ എന്നിങ്ങനെ. LD/ 31 43 33 എന്നാ പ്രവർത്തിയുടെ m.ബുക്ക് പ്രകാരം 63 മഴക്കുഴി, 16 കമ്പോസ്റ്റ് കുഴിയും, 135 മീറ്റർ കല്ലുകയ്യാല 300 മീറ്റർ ജൈവവേലി, 210m, 260m, 210 മീറ്റർ മണ്ണ് കയ്യാല, 1650 മീറ്റർ, 2300 മീറ്റർ മണ്ണ് ബണ്ട്, 195 മീറ്റർ തട്ട് തിരിക്കൽ..300m ജൈവ വേലി കാണാൻ കഴിഞ്ഞില്ല. അപ്പോഴുള്ള പൊതുനഷ്ടം 36 58.50/ രൂപ

## സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്

തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിന് വേണ്ടി ഉള്ള ഒരു ഉപാധിയാണ് CIB.ഒരു പ്രവൃത്തിയുടെ അടിസ്ഥാനവിവരങ്ങൾ അതായത് എസ്റ്റിമേറ്റ് തുക ,സാധന വേതന ഘടകങ്ങൾ യഥാർത്ഥ ചെലവ് ,തൊഴിൽ ദിനങ്ങൾ തുടങ്ങിയ വിവരങ്ങൾ സാധാരണ ജനങ്ങൾക്കും ഗുണഭോക്തക്കൾക്കും മനസിലാക്കുന്ന രീതിയിൽ പ്രദര്ശിപ്പിക്കേണ്ടത് അനിവാര്യമാണ് .

എന്നാൽ , ഫീൽഡ് പരിശോധനയിൽ ഒരു സ്ഥലത്തും CIB കാണാൻ സാധിച്ചില്ല .m.ബുക്കിൽ cib യ്ക്കു വേണ്ടി ഉള്ള തുക രേഖപ്പെടുത്തിയിരിക്കുന്നതായും കാണാൻ കഴിഞ്ഞു .

## തൊഴിൽ കാർഡ് പരിശോധന

തൊഴിൽ കാർഡ് തൊഴിലാളികളുടെ ആധികാരിക രേഖ ആണ് .മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് നിയമത്തിലെ ഷെഡ്യൂൾഡ് 2 പ്രകാരം തൊഴിൽ കാർഡിന് അപേക്ഷ നൽകി 15 ദിവസത്തിനകം തികച്ചും സൗജന്യമായി ലഭ്യമാക്കണം .എന്നു അനുശാസിക്കുന്നു.തൊഴിൽകാർഡ് തൊഴിലാളികളുടെ കൈവശം തന്നെ സൂക്ഷിക്കണം .

പരമേശ്വരം വാർഡിൽ ആകെ 341 ആക്റ്റീവ് തൊഴിൽ കാർഡ് ആണ് ഉള്ളത് .

## രജിസ്റ്റർ പരിശോധന

കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം 7രജിസ്റ്റർ നിർബന്ധമായും പഞ്ചായത്തിൽ സൂക്ഷിക്കേണ്ടത് ആണ്.

1.തൊഴിൽ കാർഡിനായുള്ള കുടുംബപേക്ഷയുടെ രജിസ്റ്റർ

2.ഗ്രാമസഭ, സോഷ്യൽ ഓഡിറ്റ് ഗ്രാമ സഭ മീറ്റിംഗ് രജിസ്റ്റർ

3.തൊഴിൽ ആവശ്യപ്പെട്ടതും കൊടുത്തതും

സംബന്ധിച്ച രജിസ്റ്റർ

**4.**പ്രവർത്തിയുടെ ലിസ്റ്റും ചിലവും സംബന്ധിച്ച രജിസ്റ്റർ

**5.**സ്ഥിതി ആസ്തി കളുടെ രജിസ്റ്റർ

**6.**പരാതി രജിസ്റ്റർ

**7.**സാധന രജിസ്റ്റർ

പഞ്ചായത്തിൽ **7** രെജിസ്റ്ററും സൂക്ഷിച്ചിട്ട് ഉള്ളതായി കണ്ടെത്തി.

## <u>ജാഗ്രത മേൽനോട്ട സമിതി</u>

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഏറ്റവും പ്രധാനപ്പെട്ട സംഘടനാപരമായ ഒരു വിഭാഗമാണ് ജാഗ്രത മേൽനോട്ട സമിതി.2018-19 മാസ്റ്റർ സർക്കുലർ പ്രകാരം ജാഗ്രത മേൽനോട്ട സമിതിയിൽ സമൂഹത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുകയും  ജനസമ്മതനായ ഒരു വ്യക്തിയും ഒരു ജനപ്രതിനിധിയും

വനിതകളും ഉൾപ്പെടുന്ന അഞ്ചുമുതൽ 7 വരെ അംഗങ്ങൾ അടങ്ങുന്ന കമ്മിറ്റി രൂപീകരിക്കുന്നത് ഗ്രാമസഭയിൽ വെച്ചാണ്. വാർഡ് തലത്തിൽ സ്വീകരിക്കേണ്ട ഈ കമ്മിറ്റിയിൽ അധ്യാപകർ, ആശാവർക്കേഴ്സ്, സഹായ സംഘങ്ങളിൽ നിന്നും ജോയിൻ ലൈബിലിറ്റി അംഗങ്ങൾ, യൂത്ത് ക്ലബ് അംഗങ്ങൾ, സൊസൈറ്റി അംഗങ്ങൾ മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ നിന്നുള്ള അംഗങ്ങൾ ആയിരിക്കണം വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി ഉൾപ്പെടുത്തേണ്ടത് പ്രാതിനിധ്യ സ്വഭാവത്തോടെ കൂടി ജനങ്ങളിൽനിന്ന് തെരഞ്ഞെടുക്കുന്ന കമ്മിറ്റിയുടെ കാലാവധി ചുരുങ്ങിയത് ആറു മാസം കാലവും പരമാവധി ഒരു വർഷവുമാണ് പ്രവർത്തിപ്രവൃത്തി നടക്കുമ്പോഴും വൃത്തിയാക്കുമ്പോഴും ഈ സമിതിക്ക് പ്രവർത്തി പരിശോധിക്കുവാനും തിരുത്തൽ നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ പഞ്ചായത്തിലെ രേഖാമൂലം അറിയിക്കാവുന്നതാണ് ഈ റിപ്പോർട്ടുകൾ

# വർക്ക് ഫയലിനെ ഭാഗമായി ഇരിക്കുന്നതും ഒരു കൺകറന്റ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് എന്ന നിലയിൽ പിന്നീട് ഗ്രാമസഭ നടത്തുന്ന സോഷ്യൽ ഓഡിറ്റ് ഇത് സഹായകമാവുകയും ചെയ്യും

**കണ്ടെത്തലുകള്**

തൊഴിലുറപ്പ് നിയമം അനുശാസിക്കും പ്രകാരം തൊഴിലാളികൾക്ക് പ്രവൃത്തി ഇടങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാകുന്നില്ല(കയ്യുറ,കാലുറ എന്നിവ).

തൊഴിലാളികൾ സ്വന്തം നിലയ്ക്ക് തൊഴിൽ ആവശ്യപ്പെട്ടതായി കാണുവാൻ സാധിച്ചില്ല

പ്രവൃത്തി തുടങ്ങുന്നതിന് മുൻപ് കൃത്യമായി പദ്ധതി ആരംഭ മീറ്റിങ് ചേരാറുണ്ടെന്നു മുഴുവൻ തൊഴിലാളികളും അഭിപ്രായപ്പെട്ട്,ഇതു അഭിനന്ദനമര് ഹിക്കുന്നു

അക്ഷാംശ രേഖാംശങ്ങള് അടയാളപ്പെടുത്തിയ ജിയോടാഗ്ഡ് ഫോട്ടോഗ്രാഫ് ഫയലുകളില് കാണാൻ സാധിച്ചില്ല.

Cib കാണാൻ സാധിച്ചില്ല

വ്യക്തിഗതപദ്ധതികള് ഒഴികെയുള്ള പ്രവര് ത്തികള് ക്ക് തൊഴില് പൂര് ത്തികരിച്ച ശേഷം ആവശ്യമായ സംരക്ഷണം ലഭിക്കുന്നില്ല.

**നിര് ദേശങ്ങള്**

പ്രാദേശിക ഭാഷയിലുള്ള എസ്റ്റിമേറ്റും പ്രവൃത്തി സ്ഥലങ്ങളില് ലഭ്യമാക്കണം.

തൊഴിലുറപ്പില് അനുവദനീയമായതും മുന് ഗണന ക്രമത്തിലും പ്രവൃത്തികള് ഏറ്റെടുക്കാന് ശ്രദ്ധിക്കേണ്ടതുണ്ട്.

ഉദ്യോഗസ്ഥര് രേഖകളില് ഒപ്പുവെക്കുമ്പോള് തീയ്യതി കൂടി രേഖപ്പെടുത്തേണ്ടാതാണ്.

വിജിലന് സ് ആന് ഡ് മോണിറ്ററിംഗ് കമ്മറ്റി അംഗങ്ങളെ ഓരോ ആറുമാസം കൂടുമ്പോള് തിരഞ്ഞെടുക്കേണ്ടതാണ്. വിഎംസിയുടെ അഭിപ്രായങ്ങള് സൈറ്റ് ഡയറിയില് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

തൊഴിലുറപ്പില് ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ ആസ്തികള് ദീര് ഘകാല നിലനില് പ്പിന് ആവശ്യമായ സാങ്കേതിക നിര് ദ്ദേശങ്ങള് തൊഴിലാളികള് ക്ക് ഓവര് സീയര് മാര് നല് കേണ്ടതും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

തൊഴിലിടങ്ങളില് അടിസ്ഥാന സൌകര്യങ്ങള് നിര് ബന്ധമായും ഒരുക്കണം.

മണ്ണ് ജലസംരക്ഷണ പ്രവര് ത്തികളില് ഏറ്റെടുക്കുമ്പോള് പ്രവര് ത്തി കാലാനുസൃതമാണെന്ന് ഉറപ്പുവരുത്തണം.

ചർച്ച

1.ശ്യാമള - ഒരു സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ സാധ്യമാക്കാനായി പഞ്ചായത്ത് നടപടി സ്വീകരിക്കണമെന്നു അവശ്യപ്പെട്ടു .

ഷെൽഫ് ഓഫ് പ്രോജെക്ടിൽ തയ്യാറാക്കി വച്ചിട്ടുള്ള പ്രവർത്തനങ്ങൾ നിങ്ങൾ അപേക്ഷ നൽകിയാൽ 15 ദിവസത്തിനുള്ളിൽ തൊഴിൽ സാധ്യമാക്കാമെന്നും നിങ്ങൾ ആഗ്രഹിക്കുന്ന പ്രവർത്തികൾ ചെയ്യണമെങ്കിൽ കൂട്ടായ പ്രവർത്തനത്തിലൂടെ കണ്ടെത്തുന്ന വർക്കുകൾ അനുമതി നൽകുവാനുള്ള നടപടി സ്വീകരിക്കാമെന്നും അറിയിച്ചു .

2.ശുഭ : 15 ദിവസത്തിനുള്ളിൽ കൂലി ലഭിക്കാറില്ല . 15 ദിവസത്തിനുള്ളിൽ കൂലി ലഭിക്കാത്തതിനാൽ നഷ്ടപരിഹാരവും കൂലിയും ലഭിക്കാൻ അർഹതയുണ്ടോ ?

നിലവിൽ പഞ്ചായത്തിൽ നിന്നും 7 ദിവസം കഴിഞ്ഞ മാസ്ട്രോളുകളും ഓവർസിയർ

,സെക്രട്ടറി ,ae,തുടങ്ങിയവരുടെ പരിശോധനക്ക് വിധേയമാക്കി fto പൂർത്തീകരിച്ചു 3 ദിവസത്തിനുള്ളിൽ തന്നെ അയക്കാറുണ്ട് .നിലവിൽ കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭിക്കാത്തതിനാലാണ് കൂലി ലഭിക്കുവാൻ കാലതാമസം വരുന്നത് .

3. ഷൈലജ : ആട്ടിൻകൂട് ,കോഴിക്കൂട് ,തുടങ്ങിയവ മുൻകൂട്ടി ചെയ്യുവാൻ തുക ഇല്ല .എന്തെങ്കിലും സഹായം ചെയ്യുവാൻ പഞ്ചായത്തിന് സാധിക്കുമോ ?

പഞ്ചായത്ത് ,കുടുംബശ്രീ ,അയൽക്കൂട്ടം ,സ്വശ്രയസംഘങ്ങൾ ,ബാങ്കുകൾ ,എന്നിവരുടെ പ്രധിനിധികളുമായ സംസാരിച്ചു ചെറിയ വായ്പകൾ ലഭ്യമാക്കുവാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് .

4. ചന്ദ്രിക : കമ്പോസ്റ്റ് പിറ്റ്,സോഫ്റ്റ് പിറ്റ് ,തുടങ്ങിയവ ചെയ്യുവാൻ കൂടുതൽ സഹായങ്ങൾ എന്തെങ്കിലും ലഭ്യമാക്കുവാൻ സാധിക്കുമോ ?

പഞ്ചായത്ത് കമ്പോസ്റ്റ് പിറ്റ്,സോഫ്റ്റ് പിറ്റ് തുടങ്ങിയ ആസ്തി വികസന വർക്കുകൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിനാൽ വായ്പ സൗകര്യത്തിനു പുറമെ പഞ്ചായത്തിന്റെ കട്ട യൂണിറ്റിൽ നിന്നും താവൂക്കു കട്ട ആവിശ്യാനുസരണം സൗജന്യമായി എത്തിച്ചു നൽകാമെന്നും അറിയിച്ചു .

5. തങ്കമണി : പണിസ്ഥലത്തു ഫസ്റ്റ് എയ്ഡ് ബോക്സ് ഉം കൈയുറ ,കാലുറ ,ടാർപോളിൻ തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമല്ല ?

2008 ൽ ലഭിച്ച സാധനങ്ങൾ തൊഴിലാളികളെ ഏൽപ്പിക്കുകയും കാലക്രേ മേണ അവ നശിക്കപ്പെടുകയും ചെയ്തു .നിലവിൽ ഇവ വാടകക്കെടുത്തു ഉപയോഗിക്കാനും വാടക ചീട്ടു പഞ്ചായത്തിൽ ഏൽപ്പിച്ചാൽ പൈസ നൽകാമെന്നും അറിയിച്ചു.

6.രമണി : പണിസ്ഥലത്തു വച്ചു അപകടങ്ങൾ ഉണ്ടായിട്ടുണ്ട് .നഷ്ട്ട പരിഹാരം ലഭിച്ചില്ല .

അപകടം സംഭവിച്ചാൽ ജോലി സ്ഥലത്ത് ചെയ്യേണ്ട നടപടി ക്രമങ്ങളെ പറ്റി മേറ്റ്മാർക്ക് വിശദമായി പറഞ്ഞു നൽകിയിട്ടുണ്ടെങ്കിലും അവ കൃത്യമായി ചെയ്യാത്തതിനാലാണ് നഷ്ടപരിഹാരം ലഭിക്കാത്തത് .ഇനിയൊരു അപകടം ഉണ്ടായാൽ ചെയ്യേണ്ട മുൻകരുതലുകളെ പറ്റിയും നടപടി ക്രമങ്ങളെ പറ്റിയും സോഷ്യൽ ഓഡിറ്റ് ടീം ,എ വിശദീകരിച്ചു .

7. ബീന : ഗ്രാമസഭയുടെ അഗീകാരത്തിനായ് സമർപ്പിച്ച പ്രവർത്തികൾ

1.ഇടവം പറമ്പ് മുതൽ മൂലയിൽ നടവരെ ഉള്ള റോഡ്

2.കൃഷ്ണപുരം മുതൽ ഇടവം പറമ്പ് വരെ റോഡ് കോൺക്രീറ്റ്

3.പെഗ്ഗിയാട് നട മുതൽ വടക്കനാട് അമ്പലക്കുളം റോഡ്

4.പരമേശ്വരം ചിറ പുതുക്കി പണിയാൻ

5.പരമേശ്വരം ഗ്രൗണ്ടിൽ വൃക്ഷ തൈ വച്ചുപിടിപ്പിക്കാൻ

8. അംബിക : 6.ചെറുകോട്ടുകാവ് മുതൽ നട്ടുവാൽക്കുഴി വരെ .

7.കൊല്ലംവിളാകം തടം കോൺക്രീറ്റ്

8.ഇടയാണത്തു നട മുതൽ ചെറുവള്ളി തടം വരെ

9.പാത്തമുക്ക് മുതൽ ഇടവം പറമ്പ് നഴ്സറി വരെ

ഇവ ഷെൽഫ് ഓഫ് പ്രോജെക്ടിൽ ഉൾക്കൊളിച്ച പ്രവർത്തികൾ നടത്തുവാൻ സാധിക്കുമോ എന്നു പരിശോധിക്കാനും ഓരോ വർക്കും മുൻഗണന ക്രമതിനനുസരിച് പരിഗണിക്കും .

വിശദമായ ചർച്ചക്കും മറുപടിക്കും ശേഷം സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട് ഗ്രാമസഭ പാസാക്കുകയും ഓവർസിയർ വിവേക് സർ കൃതജ്ഞത പറഞ്ഞു .ദേശീയ ഗാനത്തോടെ 5 മണിക്ക് ഗ്രാമസഭ നടപടി അവസാനിപ്പിച്ചു .

**ഉപസംഗ്രഹം**

പ്രവർത്തികൾ തിരഞ്ഞെടുക്കുമ്പോൾ അതീവ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഭൂമിയെ പുനരുജ്ജീ വി പ്പിക്കുന്നതിനും അതുവഴി സുസ്ഥിര വികസനം സാധ്യമാകുന്നതിനും ലക്ഷ്യം വെച്ചിട്ടു ള്ള തൊഴിലുറപ്പു പദ്ധതിയുടെ പ്ലാനിംഗ് , നടത്തിപ്പ് എന്നിവ സാമൂഹിക പാരിസ്ഥിക മാനദണ്ഡങ്ങൾ പാലിച് കൊണ്ട് ശാസ്ത്രീയ മായിത്തന്നെ നടപ്പിലാക്കേണ്ടതുണ്ട്. എങ്ങനെയെങ്കിലും പ്രവർത്തി കൾ നടപ്പിലാക്കി ചെലവ് കൂട്ടുക എന്നും തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ കൂട്ടുക എന്നും മാത്രമാവരുത് നിലപാടുകൾ. വ്യക്തമായ കാഴ്ചപ്പാടില്ലാതെ അശാസ്ത്രീയമായ രീതിയിൽ പ്രവർ ത്തികൾ തെരെഞ്ഞെടുക്കുന്നതും ചെയ്യുന്നതും , കാലാനുസൃതമല്ലാത്ത പ്രവർത്തികൾ ചെയ്യുന്ന തും ഇതിന്റെ യഥാർത്ഥ ലക്ഷ്യത്തെ കളങ്കപ്പെടുത്തുന്നതായി വിഷമത്തോടെ നോക്കി നിൽക്കേ ണ്ടി വരുന്നത് ആശങ്കാജനകമാണ്. ഈ സാമൂഹിക പരിശോധന ഒരു ഉയിർത്തെഴുന്നേൽപ്പിനു സാധ്യമാകുന്ന പ്രത്യാശയോടെ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

സോഷ്യല്   ഓഡിറ്റ് പ്രവര്   ത്തന ങ്ങളില്   പങ്കാളികള്   ആയവര്

**തൊഴിലുറപ്പ്  വിഭാഗം ഉദ്യോഗസ്ഥര്**
**വാര്   ഡിലെ  തൊഴിലാളികള്**
**മേറ്റ് മാര്**
**പഞ്ചായത്ത് ഭരണ സമിതി  അംഗങ്ങള്**
**പഞ്ചായത്ത്  ഉദ്യോഗസ്ഥര്**
**കുടുംബശ്രീ  പ്രവര്   ത്തകര്**

അനുബന്ധം- 1-

**തൊഴിലുറപ്പുപദ്ധതിയിൽഏറ്റെടുത്ത്ചെയ്യാൻപറ്റിയപ്രവൃത്തികൾ**

1. **വിഭാഗംഎ :**പ്രകൃതിവിഭവപരിപാലനവുമായിബന്ധപ്പെട്ടപൊതുപ്രവൃത്തികൾ
2. **വിഭാഗംബി:**
   സമൂഹത്തിൽഅവശതഅനുഭവിക്കുന്നവിഭാഗങ്ങൾക്കുള്ളവ്യക്തിഗതആസ്തികൾഖണ്ഡിക 5ൽപരാമർശിക്കുന്നകുടുംബങ്ങൾക്ക്മാത്രം
3. **വിഭാഗംസി:**
   ദേശീയഗ്രാമീണഉപജീവനമിഷൻനിബന്ധനകൾഅനുസരിക്കുന്നസ്വയംസഹായസംഘങ്ങൾക്ക്പൊതുഅടിസ്ഥാനസൗകര്യങ്ങൾ
4. **വിഭാഗംഡി:** ഗ്രാമീണഅടിസ്ഥാനസൗകര്യങ്ങൾ

അനുബന്ധം: **വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ ചുമതലകള്   .**

**<u>മേറ്റ് മാരുടെ </u>ചുമതലകള്   .**

പ്രവൃത്തി സ്ഥലങ്ങളില്   പ്രവൃത്തിയുടെ മേല്   നോട്ടം.

തൊഴില്   കാര്   ഡില്   ആവശ്യമുള്ള വിവരങ്ങള്   രേഖപ്പെടുത്തുക.

മസ്റ്റര്   റോളില്   തൊഴിലാളികളുടെ ഹാജര്   ഉറപ്പു വരുത്തുക.

മേറ്റ്മാരുടെ പരിശീലനങ്ങളില്   പങ്കെടുക്കുക. അറിവുകള്   തൊഴിലാളികളുമായി പങ്കുവെക്കുക

പ്രവൃത്തി ഇടങ്ങളില്   ആവശ്യ മായ സൌകര്യങ്ങള്   ഉണ്ടോ എന്ന് ഉറപ്പു വരുത്തുക

സൈറ്റ് ഡയറിയില്   മോണിറ്ററിംഗിന് വരുന്ന ഉദ്യോഗസ്ഥരെ കൊണ്ട് ഒപ്പ് വയ്പ്പിക്കണം

തൊഴിലാളികള്‍ ക്ക് അവരുടെ പത്തു അവകാശങ്ങളെ കുറിച്ച് പറഞ്ഞു കൊടുക്കുകയും അവരെ ബോധാവത്കരിക്കുകയും ചെയ്യുക

പുതിയ തൊഴില്‍ ഇടങ്ങള്‍ കണ്ടെത്തുവാനും പുതിയ തൊഴില്‍ ആസൂത്രണം ചെയ്യുവാനും തൊഴിലാളികളെ സഹായിക്കുക .

കൃത്യമായി സോഷ്യല്‍ ഓഡിറ്റ് ഗ്രാമസഭയിലും,പ്രൊജക്റ്റ് മീറ്റിങ്ങിലും പരിശീലന ക്യാമ്പിലും പങ്കെടുക്കുക.

മറ്റു തൊഴിലാളികള്‍ ക്ക് കൂടി മേറ്റ് ന്റെ ചുമതലകളിലേക്ക് കടന്നു വരാനുള്ള സാഹചര്യം ഉണ്ടാക്കുക

തൊഴിലാളികളുമായി നിരന്തര സമ്പര്‍ ക്കം പുലര്‍ ത്തുകയും കൂടുതല്‍ ബന്ധം സ്ഥാപിക്കുകയും ചെയ്യുക.